പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2014-2016)

185

## പതിനാറാമത് റിപ്പോർട്ട്

**[ഭരണ നവീകരണ പരിപാടി (എം.ജി.പി.) സംബന്ധിച്ച്]**

(2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

**(2014-2016)**

**പതിനാറാമത് റിപ്പോർട്ട്**

[ഭരണ നവീകരണ പരിപാടി (എം.ജി.പി.) സംബന്ധിച്ച്]

185/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. ഡി. സതീശൻ.

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി

,, എ. കെ. ബാലൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ഇ. പി. ജയരാജൻ

,, സി. മോയിൻകുട്ടി

,, കെ. മുരളീധരൻ

,, കെ. രാജു

,, എ. കെ. ശശീന്ദ്രൻ

,, സി. എഫ്. തോമസ്

,, എം. ഉമ്മർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി കെ. രാധാമണി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ് , ഡെപ്യൂട്ടി സെക്രട്ടറി

" ശാന്തകുമാർ, എസ്., അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ മാസം 10-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 16.

# റിപ്പോർട്ട്

1. സംസ്ഥാനത്തിന്റെ ഭരണ-വികസന രംഗങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾക്ക് വഴിതെളിച്ച പദ്ധതിയാണ് ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് നടപ്പാക്കിയ ഭരണനവീകരണ പരിപാടി (എം.ജി.പി.). സംസ്ഥാനത്ത് പല അവസരങ്ങളിലും പല മേഖലകളിലും വിദേശ വായ്പാ സഹായങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടെങ്കിലും എം.ജി.പി.ക്കുവേണ്ടിയുള്ള വിദേശ വായ്പ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചപ്പോൾതന്നെ പ്രസ്തുത വിഷയം സംബന്ധിച്ച് മുമ്പെങ്ങുമില്ലാതിരുന്ന വിധത്തിലുള്ള വിവാദ കോലാഹലങ്ങൾ സംസ്ഥാനത്ത് അരങ്ങേറുകയുണ്ടായി. പ്രസ്തുത വായ്പ വിനിയോഗിച്ച് നടത്തിയ ഭരണ നവീകരണത്തിനുള്ള ശ്രമങ്ങളും വിവാദമുക്തമല്ലായിരുന്നു

2. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മോശമായ അവസ്ഥയിൽ ഭരണവികസനരംഗങ്ങളിൽ ഘടനാപരമായ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമായിരുന്നു, പ്രസ്തുത വായ്പയും അതുപയോഗിച്ച് നടത്തിയ ഭരണനവീകരണ പരിപാടിയും. വളരെക്കാലം നമ്മുടെ സംസ്ഥാനത്ത് വിവാദ കോലാഹലങ്ങൾ സൃഷ്ടിച്ച പ്രസ്തുത വായ്പയുടെ വിനിയോഗത്തെക്കുറിച്ചും ആയത് നമ്മുടെ ഭരണ വികസന രംഗങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചു എന്നതിനെക്കുറിച്ചും ഔദ്യോഗിക തലങ്ങളിൽ കാര്യമായ പഠനങ്ങളൊന്നും നടന്നിട്ടില്ലെന്ന വസ്തുത സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് സമിതി പ്രസ്തുതവിഷയം പഠനവിധേയമാക്കാൻ തീരുമാനിച്ചത്.

3. ഭരണ നവീകരണ പരിപാടി പ്രധാനമായും നടപ്പിലാക്കിയത് പൊതുഭരണ വകുപ്പുമുഖേനയായിരുന്നുവെങ്കിലും പ്രസ്തുത പരിപാടിയുടെ നിർവ്വഹണം സംബന്ധിച്ചുള്ള കാര്യമായ വിശദാംശങ്ങളൊന്നുംതന്നെ സമിതിക്ക് ലഭ്യമാക്കുവാൻ പ്രസ്തുതവകുപ്പിന് കഴിഞ്ഞിരുന്നില്ല. ഭരണനവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ലഭിച്ച വായ്പയുടെയും ഓരോ വകുപ്പിലും ചെലവഴിച്ച തുകകളുടെയും വിശദവിവരങ്ങൾ സമർപ്പിക്കണമെന്ന് പൊതുഭരണ വകുപ്പിനോട് സമിതി ആവർത്തിച്ചാവശ്യപ്പെട്ടിട്ടും, ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്ന് ഒന്നിലേറെ തവണ തെളിവെടുപ്പ് നടത്തിയിട്ടും പ്രസ്തുത വിവരങ്ങൾ സമിതി മുമ്പാകെ സമർപ്പിക്കാൻ പൊതുഭരണ വകുപ്പിന് കഴിഞ്ഞില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും ഡിജിറ്റൈസ് ചെയ്യുന്നതിനായി പൊതുഭരണ വകുപ്പിൽ നിന്ന് വിവരസാങ്കേതികവിദ്യാ വകുപ്പിന് കൈമാറിയിട്ടുള്ളതിനാൽ പ്രസ്തുത വായ്പയുടെ വിനിയോഗം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ലെന്ന മറുപടിയാണ്

ടി വകുപ്പിൽ നിന്ന് ലഭ്യമായത്. വിവരസാങ്കേതികവിദ്യാ വകുപ്പിൽ നിന്നുള്ള മറുപടിയും വ്യത്യസ്തമായിരുന്നില്ല.

4. സംസ്ഥാനത്ത് വിവാദ കോലാഹലങ്ങൾ സൃഷ്ടിച്ച വളരെ വലിയ ഒരു തുകയുടെ വിദേശ വായ്പയും അതു വിനിയോഗിച്ച് നടപ്പിലാക്കിയ ഭരണനവീകരണ പരിപാടിയും സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് സമിതിക്ക് ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് സമിതി പ്രസ്തുതവിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുമേധാവികളിൽ നിന്നും തെളിവെടുക്കാൻ തീരുമാനിച്ചത്. പ്രസ്തുത തെളിവെടുപ്പ് യോഗങ്ങളുടെയും വിവിധ വകുപ്പുകൾ സമിതിക്ക് സമർപ്പിച്ച വിവരങ്ങളുടെയും സമിതി നടത്തിയ വിശദമായ പഠനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

5. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മോശമായ അവസ്ഥയിൽ ഘടനാപരമായ ക്രമീകരണങ്ങൾക്കുള്ള വായ്പയ്ക്കായാണ് സംസ്ഥാനസർക്കാർ ഏഷ്യൻ വികസനബാങ്കുമായി ചർച്ച ആരംഭിച്ചത്. സാധാരണജനങ്ങളുമായി ബന്ധപ്പെട്ട മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകി അവർക്ക് മെച്ചപ്പെട്ട രീതിയിൽ മികച്ച സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് എം.ജി.പി. ആവിഷ്കരിച്ചത്. നയപരമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രാമുഖ്യം നൽകേണ്ടതായി കണ്ടെത്തിയ 5 മേഖലകൾ ചുവടെ സൂചിപ്പിക്കുന്നു:

(1) നിർദ്ധനർക്ക് നിശ്ചിതനിലവാരത്തിലുള്ള അടിസ്ഥാനസേവനങ്ങൾ ഉറപ്പുവരുത്തുക.

(2) കാര്യക്ഷമവും ഫലപ്രദവും പ്രാപ്യവുമായ തദ്ദേശഭരണസ്ഥാപനങ്ങൾ പടുത്തുയർത്തുക.

(3) സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുക.

(4) വളർച്ചയ്ക്കു സഹായകമായ സാഹചര്യം സൃഷ്ടിക്കുക.

(5) സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലും സാമ്പത്തികസുസ്ഥിരത കൈവരിക്കുക.

6. എ.ഡി.ബി. സഹായം രണ്ടു ഗഡുക്കളായി 200 ദശലക്ഷം ഡോളറാണു കേരളത്തിനു ലഭിച്ചത്. 2002 ഡിസംബറിൽ ലഭിച്ച 100 ദശലക്ഷം ഡോളർ ആദ്യഗഡു വായ്പയ്ക്കൊപ്പം നെതർലാൻഡ്സ് സർക്കാരിൽനിന്ന് 25 ദശലക്ഷം ഡോളർ ഗ്രാന്റായി ലഭിച്ചു. രണ്ടാംഗഡുവിനൊപ്പം 25 ദശലക്ഷം ഡോളറിനു തുല്യമായ തുക ഇന്ത്യാ ഗവണ്മെന്റ് കേരളത്തിനു ഗ്രാന്റായി നൽകി. ആകെ 250 ദശലക്ഷം ഡോളർ (1148.5 കോടി രൂപ) ആണ്

സഹായമായി ലഭിച്ചത്. ഇതിൽ 70% വായ്പയും 30% ഗ്രാന്റും ആയിരുന്നു. വായ്പ തിരിച്ചടയ്ക്കേണ്ടതില്ലാത്ത ആദ്യത്തെ 5 വർഷമുൾപ്പെടെ 25 വർഷത്തിനുള്ളിൽ 9.5% പലിശനിരക്കിൽ ഭാരതസർക്കാരിന് തുക തിരിച്ചടയ്ക്കണം. ധനകാര്യവകുപ്പിന്റെ കണക്കുകൾ പ്രകാരം എം.ജി.പി.ക്കായി 536 കോടി രൂപ മാത്രമാണ് സംസ്ഥാനത്ത് ചെലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ളതിൽ 756.46 കോടി രൂപ ഊർജ്ജവകുപ്പിനും 12.08 കോടി രൂപ അഴീക്കൽ തുറമുഖത്തിനും നൽകി.

## ഘടനയും ഭരണസംവിധാനവും

7. ഭരണപരമായ സുതാര്യതയും കാര്യങ്ങൾ നടപ്പാക്കുന്നതിലും തീരുമാനങ്ങളെടുക്കുന്നതിലും കാലതാമസമൊഴിവാക്കി കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമായി മിഷൻ സമ്പ്രദായത്തിലുള്ള ഭരണസംവിധാനമാണ് എം.ജി.പി.യ്ക്കുവേണ്ടി ആവിഷ്കരിച്ചത്. മിഷന്റെ തലവൻ ഡയറക്ടറായിരുന്നു. പൊതുവായ ഭരണ നിയന്ത്രണം ഗവണ്മെന്റ് സെക്രട്ടറി വകുപ്പുതലവനായുള്ള പൊതുഭരണ (എം.ജി.പി.) വകുപ്പിനായിരുന്നു. സുപ്രധാന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും എം.ജി.പി. സെക്രട്ടറി കൺവീനറുമായ എം.ജി.പി. സ്റ്റിയറിങ്-കം-എംപവേർഡ് കമ്മിറ്റി എന്ന ഉന്നതാധികാര സമിതിയുമുണ്ടായിരുന്നു.

8. പദ്ധതിപ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സെക്രട്ടേറിയറ്റിൽ ഒരു ജോയിന്റ് സെക്രട്ടറിയും അനുബന്ധ സ്റ്റാഫും ഉൾപ്പെട്ട വിഭാഗം പ്രവർത്തിച്ചിരുന്നു. മിഷൻ ഡയറക്ടറെ സഹായിക്കുന്നതിനും മറ്റുമായി വിവിധവകുപ്പുകളിൽനിന്നുള്ള ഡെപ്യൂട്ടേഷൻ സ്റ്റാഫും പ്രവർത്തിച്ചിരുന്നു. 2052-00-090-87, 3451-00-101-82 എന്നീ അക്കൗണ്ട് ശീർഷകങ്ങളാണ് പൊതുഭരണ എം.ജി.പി. മിഷൻ കൈകാര്യം ചെയ്തിരുന്നത്.

9. 2002-ൽ ആരംഭിച്ച് 2008-ൽ അവസാനിച്ച എം.ജി.പി. 19 വകുപ്പുകളിലായി നടപ്പിലാക്കി. 93 പദ്ധതികൾ പൊതുഭരണവകുപ്പിലും, 7 പദ്ധതികൾ ധനകാര്യ വകുപ്പിലുമാണ്. 96 പദ്ധതികൾ പൂർത്തീകരിച്ചു. ഓരോ വകുപ്പിലും നടപ്പിലാക്കേണ്ട പദ്ധതികൾ അതതുവകുപ്പുകൾ തയ്യാറാക്കി എംപവേർഡ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്തിരുന്നു. ആദ്യം റിയാബും പിന്നീട് വകുപ്പും പിന്നീട് വകുപ്പുമന്ത്രിയും പരിശോധിച്ചശേഷമാണ് എംപവേർഡ് കമ്മിറ്റിയിൽ എത്തിയിരുന്നത്.

### I. ദാരിദ്ര്യനിർമ്മാർജ്ജനം

10. ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ചുമതലയുണ്ടായിരുന്ന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് 2 പ്രധാന പദ്ധതികളാണ് നടപ്പിലാക്കിയത്.

(1) നിർദ്ധനർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും അടിസ്ഥാന പൊതു സേവനങ്ങൾ ആവശ്യമായ അളവിലും ഗുണനിലവാരത്തിലും ഉറപ്പുവരുത്തുക.

(2) ശുദ്ധജലം, പാർപ്പിടം, ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യരക്ഷ എന്നീ കാര്യങ്ങളിൽ നിശ്ചിത അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുക.

മേൽപ്പറഞ്ഞ പദ്ധതികൾക്കായി 'ദാരിദ്ര്യവിവരണരേഖയും സംരക്ഷണവും' എന്ന ശീർഷകത്തിൽ മൊത്തം 3.79 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

(1) ദാരിദ്ര്യരേഖയ്ക്ക് ശാസ്ത്രീയമായ ഒരു സൂചിക വികസിപ്പിച്ചെടുക്കുക.

(2) ദാരിദ്ര്യത്തിന്റെ കാഠിന്യം കണക്കിലെടുത്ത് മുൻഗണനാക്രമം നിശ്ചയിക്കുക.

(3) ഇതിന് തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പെടെ സമൂഹത്തിന്റെ സ്വീകാര്യത ഉറപ്പുവരുത്തുക

(4) സമൂഹത്തിന്റെ ദാരിദ്ര്യനില ഇടയ്ക്കിടെ വിലയിരുത്താൻ പര്യാപ്തമായ സംവിധാനം രൂപപ്പെടുത്തുക.

(5) ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി നീക്കിവയ്ക്കുന്ന തുകയുടെ ശരിയായ ഉപയോഗം ഉറപ്പുവരുത്തുക.

(6) ഇവയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനത്തിൽ അനുയോജ്യമായ മാറ്റം വരുത്തുക എന്നിവയ്ക്കായിരുന്നു പ്രധാന ഊന്നൽ നൽകിയിരുന്നത്.

സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായ പദ്ധതികൾ ഫലപ്രാപ്തിയിലെത്തേണ്ടത് സംസ്ഥാനത്തിന്റെ പുരോഗതിക്ക് സഹായകരമായിരിക്കും എന്ന് സമിതി വിലയിരുത്തുന്നു.

## II. സർവ്വീസ് മേഖല

11. പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുക, ചെലവ് അടങ്കൽ തുകയിൽ അധികരിക്കുന്നതു തടയുക, വകുപ്പുകൾക്ക് യഥാസമയം ആവശ്യാനുസരണം തുക ലഭിക്കാനവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെ ഓരോ വർഷത്തെയും ബജറ്റ് മുൻവർഷം മാർച്ച് 31-നുതന്നെ പാസ്സാക്കുക എന്നത് പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു.

12. പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കാനും കാലതാമസം ഒഴിവാക്കാനും ഫലപ്രദമല്ലാത്ത ചെലവുകൾ കുറയ്ക്കാനും ആസ്തികൾ പ്രയോജനരഹിതമായി കിടക്കുന്നത് ഒഴിവാക്കാനും വിഭവങ്ങൾ പരമാവധി ഫലപ്രദമായി ഉപയോഗിക്കാനും വകുപ്പുകളെ പര്യാപ്തമാക്കാനായി എസ്റ്റിമേറ്റിനുള്ള നിർദ്ദേശങ്ങൾ ക്ഷണിക്കുന്ന ബജറ്റ് സർക്കുലറിനോടൊപ്പം പ്രധാന ശീർഷകാടിസ്ഥാനത്തിൽ പ്ലാൻ/നോൺ പ്ലാൻ പരിധി വ്യക്തമാക്കുന്ന രേഖകൂടി വകുപ്പുകൾക്കു നൽകുക, സർക്കാർ നയത്തിനനുസൃതമായി

വിഭവങ്ങൾ ഫലപ്രദമായി അനുവദിക്കാനും സാമ്പത്തിക അച്ചടക്കവും സുസ്ഥിരതയും കൈവരിക്കാനും സഹായകമായവിധം വരുംവർഷത്തെ ബജറ്റിനോടൊപ്പം അതിനടുത്ത രണ്ടുവർഷത്തെ ഫോർവേർഡ് എസ്റ്റിമേറ്റ് (പ്ലാൻ, നോൺ പ്ലാൻ, റവന്യൂ എസ്റ്റിമേറ്റ്, എക്സ്പെൻഡിച്ചർ എസ്റ്റിമേറ്റ് എന്നിവയുടെ) കൂടി തയ്യാറാക്കുക, ബജറ്റിൽ വകകൊള്ളിക്കാതെ വകുപ്പുകൾ ബാദ്ധ്യതാ പേയ്മെന്റുകൾ നടത്തുന്നതു തടയുക, വകുപ്പുകളുടെ ബാദ്ധ്യതാ പേയ്മെന്റുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതു കണ്ടെത്താൻ ധനവകുപ്പിനെ സഹായിക്കുക, ബാദ്ധ്യതകൾ കൊടുത്തുതീർക്കാൻ ഘട്ടംഘട്ടമായി തുക അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ ഫലപ്രദമാക്കാനായി ട്രഷറി ഇൻഫർമേഷൻ സിസ്റ്റം ശക്തിപ്പെടുത്തുക, ബജറ്റ് മാന്വലിലെ റിപ്പോർട്ടിംഗ് പ്രൊഫോർമകൾ ലളിതമാക്കുക, ട്രഷറി ചെക്കുകൾ മടങ്ങാതിരിക്കാനും ഓവർഡ്രാഫ്റ്റ് ഒഴിവാക്കാനും കഴിയുംവിധം ഓരോ ദിവസത്തെയും വരവും ചെലവും ആനുപാതികമാക്കാൻ പര്യാപ്തമായ സംവിധാനത്തിനു രൂപം നൽകുക, ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ, ഡ്രാഫ്റ്റ് പാരകൾ, സി.എ.ജി. റിപ്പോർട്ടുകൾ എന്നിവയുടെ ക്ലിയറൻസ്, പി.എ.സി. ശിപാർശകൾ നടപ്പാക്കൽ എന്നിവയിലെ പുരോഗതി വിലയിരുത്തുക തുടങ്ങിയ നടപടികളിലൂടെയുള്ള ബജറ്റ് പരിഷ്കാരങ്ങളാണ് എം.ജി.പി. വഴി നടപ്പിലാക്കുന്നതിനു തീരുമാനിച്ചിരുന്നത്. പ്രസ്തുത പരിപാടികൾ സർവ്വീസ് മേഖലയുടെ കാര്യക്ഷമതയ്ക്കും സർക്കാരിന്റെ ധനകാര്യ സുസ്ഥിരതയ്ക്കും പ്രയോജനപ്രദമായിരുന്നുവെന്ന് കണ്ടെത്തിയ സമിതി തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകേണ്ടതാണെന്ന് നിരീക്ഷിക്കുന്നു.

## III. സർക്കാർ ജീവനക്കാർക്കുള്ള തീവ്രപരിശീലനപരിപാടി

13. ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പാണ് ഈ ഉദ്യമം നടപ്പിലാക്കിയത്. ലോവർ ഡിവിഷൻ ക്ലാർക്ക്, വെറ്ററിനറി സർജൻ, പോലീസ് കോൺസ്റ്റബിൾ, അഗ്രിക്കൾച്ചറൽ ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ലോവർ ഡിവിഷൻ കമ്പൈലർ മുതലായ തസ്തികകളിലുള്ളവരെയാണ് ജോലിയിൽ പ്രവേശിച്ചാലുടൻ പ്രാരംഭപരിശീലനം നൽകുന്നതിനു തെരഞ്ഞെടുത്തിരുന്നത്. സാധാരണക്കാർക്ക് കിട്ടേണ്ട സേവനങ്ങൾ ഫലപ്രദമായും സമയബന്ധിതമായും അവർക്ക് എത്തിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥരെ പ്രാപ്തമാക്കുന്നതിന് പ്രസ്തുത പരിശീലനപരിപാടി തുടരേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## IV. സേവനപ്രദാനപദ്ധതി

14. സാധാരണക്കാരായ ആളുകളുടെ, പ്രത്യേകിച്ചും നിർദ്ധനരുടെ ക്ഷേമത്തിനായി എം.ജി.പി.യിൽ ആവിഷ്കരിച്ചിരുന്ന ഒരു ഹ്രസ്വകാലപദ്ധതിയാണ് സേവനപ്രദാനപദ്ധതി. വിവിധ ആവശ്യങ്ങൾക്കായി സാധാരണക്കാർക്കു സമീപിക്കേണ്ടി വരുന്ന വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ, സബ് രജിസ്ട്രാർ

ഓഫീസുകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ/സിറ്റി റേഷനിങ് ഓഫീസുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, എൽ.പി./യു.പി./ഹൈസ്കൂൾ/ ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ, അംഗനവാടികൾ, വൃദ്ധസദനങ്ങൾ, മഹിളാമന്ദിരങ്ങൾ, മറ്റു ക്ഷേമസ്ഥാപനങ്ങൾ, പോലീസ് സ്റ്റേഷനുകൾ, ട്രാഫിക് പോലീസ് സ്റ്റേഷനുകൾ എന്നിങ്ങനെ 8 വകുപ്പുകളിലെ 22 ഇനങ്ങളിലായി 2587 സ്ഥാപനങ്ങളെയാണ് സേവനപ്രദാനപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരും ബന്ധപ്പെട്ട ജനപ്രതിനിധികളും ചേർന്നു തയ്യാറാക്കിയ സ്ഥാപനതല പ്ലാനുകൾ പ്രകാരം ആവശ്യമായ അടിസ്ഥാന വികസന സൗകര്യങ്ങളൊരുക്കി, ഉപകരണങ്ങളും മറ്റു സാധനസാമഗ്രികളും ലഭ്യമാക്കി, ജീവനക്കാർക്കുവേണ്ട പരിശീലനം നൽകി ആ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനം പരമാവധി ഗുണമേന്മയുള്ളതും കാലതാമസമില്ലാത്തതും തികച്ചും ജനസൗഹൃദപരവുമാക്കുകയായിരുന്നു പദ്ധതിലക്ഷ്യം.

15. സേവനപ്രദാനപദ്ധതിയിലുൾപ്പെട്ട ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതിലൂടെ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും കരമൊടുക്കുന്നതിനും, വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും കാലതാമസം കൂടാതെ കാര്യങ്ങൾ നടത്തിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ ഓഫീസുകളിലെത്തുന്ന ജനങ്ങൾക്ക് ഇരിപ്പിടസൗകര്യം, കുടിവെള്ളം, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം, പരാതിപരിഹാര സൗകര്യം തുടങ്ങിയവയും ഇന്ന് ലഭ്യമാണ്. സംസ്ഥാനത്ത് സേവനാവകാശനിയമം ഫലപ്രദമായി നടപ്പിലാക്കാൻ പ്രസ്തുത പദ്ധതികൾ തുടരേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

## V. സേവനമുദ്ര

16. സർക്കാർസ്ഥാപനങ്ങളുടെ സേവനനിലവാരം പരമാവധി മെച്ചപ്പെടുത്താനും, ആ മെച്ചപ്പെട്ട അവസ്ഥ തുടർന്ന് നിലനിർത്തിപ്പോകാനുമുദ്ദേശിച്ച് ഇംഗ്ലണ്ടിലെ ചാർട്ടർമാർക്കിന്റെ മാതൃകയിൽ സംസ്ഥാനസർക്കാർ ആവിഷ്കരിച്ച അവാർഡ് സംവിധാനമാണ് 'സേവനമുദ്ര'. സേവനപ്രദാനപദ്ധതിയിലുൾപ്പെട്ട സ്ഥാപനങ്ങളിൽനിന്നും സ്വയം മുന്നോട്ടുവന്ന 46 സ്ഥാപനങ്ങളിലാണ് ഈ പരിപാടി നടപ്പിലാക്കിയത്. ഓരോ സ്ഥാപനത്തിൽനിന്നും ലഭിക്കേണ്ട സേവനങ്ങൾ ആവശ്യപ്പെടാൻ ജനത്തെ ബോധവാന്മാരാക്കിയും സ്ഥാപനത്തിന്റെ പുരോഗതിയിലെ പങ്കാളികളായി അവരെ അംഗീകരിച്ചും പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ പരിശ്രമം നടത്തിയും ജീവനക്കാരുടെ സേവനസന്നദ്ധതയിലും സമീപനത്തിലും മനോഭാവത്തിലും ജനസൗഹൃദപരമായ

മാറ്റമുണ്ടാക്കിയും സേവനപ്രദാനത്തിലെ അഭിലഷണീയമായ മാതൃകകൾ പ്രോത്സാഹിപ്പിച്ചും ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം ഗുണഭോക്താക്കൾ പ്രതീക്ഷിക്കുന്ന തലത്തിലേക്ക് ഉയർത്തുകയായിരുന്നു പദ്ധതിലക്ഷ്യം. സർക്കാർ സ്ഥാപനങ്ങളെ ജനസൗഹൃദകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഈ പദ്ധതികൾ തുടരേണ്ടതായി സമിതി നിരീക്ഷിക്കുന്നു.

## VI. പോലീസ് പോർട്ടൽ

17. പോലീസ് വകുപ്പാണ് ഈ ഉദ്യമം നടപ്പിലാക്കിയത്. സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി 2004-ൽ തിരുവനന്തപുരം സിറ്റി പോലീസ് ഒരു വെബ് പോർട്ടലിനു രൂപം നൽകി. പോലീസിനും പൊതുജനത്തിനുമിടയ്ക്കുള്ള അതിർവരമ്പ് ഇല്ലാതാക്കി പരസ്പരസൗഹൃദവും സമ്പർക്കവും ഊട്ടിയുറപ്പിക്കുകയെന്ന ആശയം സഫലീകരിക്കുന്നതു ലക്ഷ്യമിട്ടാണ് ഈ സംരംഭത്തിനു തുടക്കമിട്ടത്. നേരിട്ട് പോലീസ് സ്റ്റേഷനുകളെയോ മുതിർന്ന ഉദ്യോഗസ്ഥരെയോ സമീപിക്കാതെ തന്നെ പലപ്പോഴും പൗരന്മാർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്തി തങ്ങളുടെ ആവലാതികൾക്കു പരമാവധി പരിഹാരം കാണുന്നതിന് സഹായകരമാവുന്നുണ്ട്.

18. സാമൂഹ്യപ്രതിബദ്ധതയുള്ള പൗരന്മാർക്ക് രഹസ്യമായി തങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന കുറ്റകൃത്യങ്ങളെക്കുറിച്ചും കുറ്റവാളികളെക്കുറിച്ചും പോലീസിനെ അപ്പപ്പോൾ വിവരം ധരിപ്പിക്കുവാൻ ഈ പോർട്ടലിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. പലപ്പോഴും അന്വേഷണോദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിനു വീര്യം പകരുകയും കരുതൽ നടപടികൾക്ക് കൂടുതൽ ആക്കം കൂട്ടുന്നതിനു സാധിക്കുകയും ചെയ്യുന്നുമുണ്ട്. പോലീസ് സംബന്ധിയായ വിഷയങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരസ്പരം ആശയവിനിമയം കാര്യക്ഷമമായി നടത്തുന്നതിനും അവരുടേതായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഈ പോർട്ടൽ വേദിയൊരുക്കുന്നുണ്ട്. അടിയന്തരഘട്ടങ്ങളിൽ രക്തദാതാക്കളെ കണ്ടെത്തുന്നതിനും കാണാതായവരെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും മോഷണവാഹനങ്ങൾ തിരിച്ചറിയുന്നതിനും ഗതാഗതനിയന്ത്രണം പോലുള്ള പ്രത്യേകസാഹചര്യങ്ങൾ പൊതുജനത്തെ കാലേകൂട്ടി അറിയിക്കുന്നതിനും അജ്ഞാതമൃതശരീരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും മറ്റുമൊക്കെയുള്ള സൗകര്യങ്ങൾ ഈ പോർട്ടലിലൂടെ സാദ്ധ്യമാകുന്നുണ്ട്.

19. ആധുനിക കമ്പ്യൂട്ടർ യുഗത്തിലെ മാറിവരുന്ന സാഹചര്യവുമായി പൊരുത്തപ്പെട്ട് വിവരസാങ്കേതികവിദ്യാരംഗത്ത് തിരുവനന്തപുരം സിറ്റി പോലീസിനെ സജ്ജമാക്കി നിറുത്തുന്നതിനും ഈ വെബ് പോർട്ടൽ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകളെ പരസ്പരവും ജില്ലാ ആസ്ഥാനവുമായും കമ്പ്യൂട്ടർ ശൃംഖല മുഖാന്തരം ഈ

സംവിധാനത്തിലൂടെ ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഔദ്യോഗികസന്ദേശങ്ങളും വിവരങ്ങളും അതിവേഗത്തിൽ കൈമാറ്റം ചെയ്യുന്നതിനും ഫയലുകൾ തീർപ്പാക്കുന്നതിലുള്ള കാലവിളംബം ഗണ്യമായി കുറയ്ക്കുന്നതിനും ഇതിലൂടെ കഴിയുന്നു. സംസ്ഥാന പോലീസിന്റെ ജോലിഭാരം കുറയ്ക്കുന്നതിനും ജനോപകാരപ്രദമായ കാര്യങ്ങളിൽ കൂടുതൽ ഇടപെടുന്നതിനും സഹായകരമായ പോർട്ടൽ, സേനയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ പ്രാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.

## VII. അക്ഷയ

20. വിവരസാങ്കേതികവിദ്യാവകുപ്പ് 2002-ൽ മലപ്പുറം ജില്ലയിൽ പൈലറ്റ് പ്രോജക്റ്റായാണ് അക്ഷയ ആരംഭിച്ചത്. 2004-ൽ സമ്പൂർണ്ണസാക്ഷരതാ ജില്ലയായി പ്രഖ്യാപിക്കപ്പെട്ട മലപ്പുറത്ത് 341 അക്ഷയ കേന്ദ്രങ്ങൾ വഴി കമ്പ്യൂട്ടർ കോഴ്സുകൾ, ഇ-കൃഷി, ഇ-പേയ്മെന്റ് തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു. രണ്ടാംഘട്ടം 2005 ആഗസ്റ്റിൽ കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി. തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇപ്പോൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങളെ കൂടുതൽ e-സാക്ഷരരാക്കാനും ആധാർ, ചികിത്സാകാർഡ് തുടങ്ങിയ സർക്കാർ സേവനങ്ങൾ സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് പോലും പ്രാപ്തമാക്കാനും അക്ഷയകേന്ദ്രങ്ങൾ സഹായിക്കുന്നു. ഇവയുടെ പ്രവർത്തനം കേരളം പോലുള്ള സംസ്ഥാനത്തിന് അനുഗ്രഹമാണെന്ന് സമിതി വിലയിരുത്തുന്നു.

## VIII. സ്കൂൾ-കോളേജ് തലത്തിലെ വ്യവസായസംരംഭകത്വ വികസനം

21. വ്യവസായവകുപ്പ് നടപ്പിലാക്കിയ ഈ പദ്ധതി തൊഴിൽദാതാക്കളുടെ അഥവാ ജോലി നൽകുന്നവരുടെ ഒരു നിരയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. വ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ കഴിവും താത്പര്യവുമുള്ള വിദ്യാർത്ഥികളെ അഥവാ യുവതീയുവാക്കളെ കണ്ടെത്തി അവർക്കുവേണ്ട പ്രോത്സാഹനം നൽകാൻ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വ്യവസായസംരംഭകത്വക്ലബ്ബുകൾ രൂപീകരിക്കുക, പ്രോത്സാഹന അവാർഡുകൾ ഏർപ്പെടുത്തുക, പരിശീലനം നൽകുക, ഇതിനനുയോജ്യമായ പുതിയൊരു സംസ്കാരം രൂപപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇതുകൊണ്ടുദ്ദേശിച്ചത്. ആധുനികസമൂഹത്തിന് ആവശ്യമായ രീതിയിൽ നേതൃത്വഗുണവും സംഘടനാ പാടവവുമുള്ള ഒരു ജനതയെ വാർത്തെടുക്കേണ്ടത് രാജ്യപുരോഗതിക്ക് അത്യാവശ്യമായതിനാൽ പദ്ധതി തുടരേണ്ടതാണെന്ന് സമിതി പ്രത്യാശിക്കുന്നു.

## IX. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

22. വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പ് നടപ്പിലാക്കിയ ഈ പദ്ധതി സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനം, ലാബ്, ലൈബ്രറി എന്നിവയുടെ

ആധുനികവൽക്കരണം, കമ്പ്യൂട്ടർ വാങ്ങൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ്. കുട്ടികൾക്ക് മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ലഭിക്കുന്നതിനും പ്രായോഗിക പരിശീലനവും കമ്പ്യൂട്ടർ പരിജ്ഞാനവും ലഭിക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നതിലൂടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം മെച്ചപ്പെടുത്തുകയായിരുന്നു ഉദ്ദേശ്യം. സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അതിലൂടെ സാമ്പത്തികമായ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പുതിയ തലമുറയെ പ്രാപ്തമാക്കുന്നതിന് പര്യാപ്തമായ പദ്ധതി തുടരേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

## X. ആരോഗ്യരക്ഷ

23. ആരോഗ്യവകുപ്പിൽ ചികിത്സാസൗകര്യം മെച്ചപ്പെടുത്തുക, അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലൂടെ രോഗനിർണ്ണയവും ചികിത്സാനിർണ്ണയവും സുഗമമാക്കുക, ഓരോ സ്ഥാപനത്തിന്റെയും ആവശ്യം പരിഗണിച്ച് സ്ഥാപനതല കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് നവീകരണപരിപാടികൾ സംഘടിപ്പിക്കുക, ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് വിദഗ്ദ്ധപരിശീലനം നൽകുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ആരോഗ്യ സംരക്ഷണ മേഖലയിൽ ലോകത്തിന് മാതൃകയായ കേരളത്തിന്റെ നില കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ചികിത്സാസൗകര്യം പൗരന്റെ അവകാശമായി മാറ്റുന്നതിനും വേണ്ടിയുള്ള തുടർപ്രവർത്തനങ്ങൾ ഈ മേഖലയ്ക്ക് അനിവാര്യമാണ്.

## XI. പൊതുമേഖലാസ്ഥാപനങ്ങളുടെ പരിഷ്കരണം

24. വ്യവസായവകുപ്പാണ് ഈ ഉദ്യമം നടപ്പാക്കിയത്. 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ എം.ജി.പി.യുടെ ഭാഗമായി ലഭിച്ച തുക പ്രധാനമായും ഉപയോഗിച്ചത് ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളുമായി One Time Settlement നടത്തുന്നതിനും പ്രവർത്തനം നിലച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുടിശ്ശികകൾ കണക്കിലെടുത്ത് അവരെ സ്വയംവിരമിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കമ്പനികൾക്കു നവീകരണപ്രവർത്തനങ്ങൾക്കായും പ്രവർത്തനമൂലധനത്തിനായും പ്രവർത്തനം തുടർന്നു കൊണ്ടുപോകുന്നതിനുമായാണ്. മേൽപ്പറഞ്ഞ ധനസഹായം കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

- ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുനഃക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, manpower rationalization/ redeployment, സമാനസ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം.

- സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നീ മാർഗ്ഗങ്ങളും സമാനമേഖലയിലുള്ള ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള താരതമ്യപഠനം, Web Enabled Performance Monitoring, കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതതുമേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ തെരഞ്ഞെടുത്തു നിയമിക്കുക.
- കൂടാതെ കേന്ദ്രസർക്കാരിന്റെയും കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിനും ഇവയിൽനിന്ന് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും പൊതുമേഖലാസ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

25. പ്രവർത്തനക്കരാർ സംവിധാനം, പൊതുമേഖലാസ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണനിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായനയം അടിസ്ഥാനമാക്കി പൊതുമേഖലാസ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കുവാനാണ് ഈ ഉദ്യമംകൊണ്ട് ഉദ്ദേശിച്ചത്. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനും നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ നിലനിർത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും ഈ മേഖലയിലെ തുടർപ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

## XII. നിയന്ത്രിതപരിസ്ഥിതി സൃഷ്ടിക്കൽ

26. വ്യവസായവകുപ്പുമായി ബന്ധപ്പെട്ട പരിഷ്കാരമാണിത്. വ്യവസായ-വാണിജ്യ മേഖലയുടെ അടിസ്ഥാന വികസനത്തിന് വിപണി ശക്തികളുടെ സ്വതന്ത്രമായ പ്രവർത്തനത്തിലൂടെ തീരുമാനങ്ങൾ ഉരുത്തിരിഞ്ഞുവരാൻ സാഹചര്യമൊരുക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. സർക്കാരിന്റെ പൊതുവായ നിയന്ത്രണത്തിൻകീഴിൽ സ്വകാര്യ നിക്ഷേപത്തിനുകൂടി അവസരമുണ്ടാക്കുന്ന നിയമനിർമ്മാണങ്ങളും നിയന്ത്രണങ്ങളുമെല്ലാമാണ് ഈ ഉദ്യമങ്ങൾ ലക്ഷ്യമിട്ടത്.

27. വ്യവസായസംരംഭകർക്കാവശ്യമായ എല്ലാ സഹായവും ഒരു കുടക്കീഴിൽ ലഭ്യമാക്കാനുദ്ദേശിച്ച് 1978-ൽ ജില്ലാ വ്യവസായകേന്ദ്രങ്ങൾ തുടങ്ങിയെങ്കിലും ലക്ഷ്യം കൈവരിക്കുന്നതിൽ ഇവ വിജയിച്ചില്ല. തുടർന്ന് 2000 ജൂണിൽ എല്ലാ ജില്ലകളിലും സംസ്ഥാനതലത്തിലും ഒരു ഏകജാലകസംവിധാനത്തിനു രൂപം നൽകി. എന്നാൽ, ഇതിനുപരി പുതുതായി വരുന്ന നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകാനും ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ഉൾപ്പെടെയുള്ള

സഹായങ്ങൾ നൽകാനും വേണ്ടി പ്രോത്സാഹന-ഗൈഡൻസ് സെല്ലുകൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 2005-06-ൽ 1 ലക്ഷവും 2006-07-ൽ 9 ലക്ഷവും ഉൾപ്പെടെ 10 ലക്ഷം രൂപ ചെലവഴിച്ചു. സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് ആവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് കാണാം.

## XIII. സംസ്ഥാന സിവിൽ സർവ്വീസ്

28. കേരള ഭരണപരിഷ്കാര സമിതി സർക്കാരിനു സമർപ്പിച്ച 9-ാമത്തെ റിപ്പോർട്ടിലെ കേരള സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച ശിപാർശകളിന്മേൽ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതിയാണ് സംസ്ഥാന സിവിൽ സർവ്വീസ്.

29. ഭരണസംവിധാനത്തിൽ ഘടനാപരമായ പുനഃക്രമീകരണം നടത്തി, ലഭ്യമായിട്ടുള്ള മനുഷ്യവിഭവം പരമാവധി ഫലപ്രദമായി വിനിയോഗിക്കുക എന്നതായിരുന്നു ജീവനക്കാരുടെ പ്രവർത്തനകാര്യക്ഷമത വിലയിരുത്തുന്നതിലൂടെ ഉദ്ദേശിച്ചത്. പ്രാരംഭഘട്ടചർച്ചകൾ വിവിധതലങ്ങളിൽ നടന്നുവെങ്കിലും സംസ്ഥാന സിവിൽ സർവ്വീസ് നടപ്പാക്കുന്നത് സംബന്ധിച്ച് ഇപ്പോഴും സമവായത്തിലെത്താൻ കഴിഞ്ഞിട്ടില്ല.

## XIV. മഴവെള്ളസംഭരണ പദ്ധതി

30. ജലവിഭവവകുപ്പാണ് ഈ പദ്ധതി നടപ്പാക്കിയത്. ജലസംരക്ഷണവും കുടിവെള്ളലഭ്യതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മഴവെള്ളസംഭരണത്തിലും കെട്ടിടങ്ങൾക്കുമുകളിൽ പതിക്കുന്ന ജലം സംഭരിക്കുന്നതിലും അതിനാവശ്യമായ അടിസ്ഥാനസൗകര്യനിർമ്മാണത്തിലും വിവിധജില്ലകളിലായി 700 ജോലിക്കാർക്കും 350 എഞ്ചിനീയർമാർക്കും ശാസ്ത്രീയപരിശീലനം നൽകി. സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 10000 ലിറ്റർ ശേഷിയുള്ള 955 പ്രദർശന ജലസംഭരണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മഴവെള്ളസംഭരണരീതിയുടെ പ്രചാരണത്തിനായി തിരുവനന്തപുരത്ത് സംസ്ഥാന നിർമ്മിതികേന്ദ്ര വകുപ്പിൽ ഒരു റെയിൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഗവണ്മെന്റ് മെഡിക്കൽ കോളേജുകൾ, വെറ്ററിനറി കോളേജ്, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ തുടങ്ങി ജലക്ഷാമമുള്ള നിരവധി കേന്ദ്രങ്ങളിൽ മഴവെള്ളസംഭരണികളുടെ നിർമ്മാണം വളരെ പ്രയോജനകരമാണെന്നു കാണാൻ സാധിക്കും. കടുത്ത വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്ന സംസ്ഥാനമായി കേരളം മാറിയ സാഹചര്യത്തിൽ മഴവെള്ളസംഭരണികൾ വളരെ ഫലപ്രദമാണ്. ഈ പദ്ധതി വ്യാപകമാക്കേണ്ടതാണ്.

## XV. പ്രാദേശിക കുടിവെള്ളക്കിണറുകളുടെ സംരക്ഷണം, പുറമ്പോക്കിലെ അനധികൃത കുടിയേറ്റക്കാർക്കുള്ള സൗകര്യങ്ങൾ

31. തദ്ദേശസ്വയംഭരണവകുപ്പാണ് ഈ ഉദ്യമം നടപ്പാക്കിയത്. സംസ്ഥാനത്ത് വ്യക്തികളുടെ ഉടമസ്ഥതയിൽ 45 ലക്ഷം കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കുക, സമയാസമയങ്ങളിൽ ക്ലോറിനേറ്റ് ചെയ്ത് ശുചീകരിക്കുക, കക്കൂസുകൾ സ്ഥാപിക്കുന്നത് ജലസ്രോതസ്സുകളിൽനിന്ന് നിശ്ചിത അകലത്തിലും ശാസ്ത്രീയാടിസ്ഥാനത്തിലുമാക്കുക, തുറന്ന കിണറുകൾ വലയിട്ടുമൂടി സൂക്ഷിക്കുക തുടങ്ങിയവയാണ് ഈ ഉദ്യമത്തിലുൾപ്പെട്ടിരുന്നത്.

32. ശുദ്ധജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഒരു ജനതയുടെ സാമൂഹ്യാരോഗ്യത്തിന്റെ അളവുകോലാണ്. എന്നാൽ, അനധികൃതകുടിയേറ്റക്കാർ, പുറമ്പോക്കു നിവാസികൾ, ചേരിനിവാസികൾ തുടങ്ങി നിർധനർ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ ശുദ്ധജലവും ശുചിത്വസൗകര്യങ്ങളും തുലോം പരിമിതമാകയാലാണ് ജലജന്യരോഗങ്ങളും മറ്റു പകർച്ചവ്യാധികളും ഇവിടങ്ങളിൽ അടിക്കടി പടർന്നുപിടിക്കുന്നത്. ഈ വസ്തുത കണക്കിലെടുത്താണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇത്തരം പ്രദേശങ്ങളിൽ സംയോജിത ശുചിത്വ-ശുദ്ധജലപദ്ധതികൾക്ക് എം.ജി.പി. രൂപം നൽകിയത്. ജനസാന്ദ്രതകൂടിയ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി നടപ്പാക്കേണ്ട പദ്ധതിയാണിതെന്ന് സമിതി വിലയിരുത്തുന്നു.

## XVI. തദ്ദേശസ്വയംഭരണ വകുപ്പിലെ ഓഫീസ് മാനേജ്മെന്റ് സംവിധാനം; ഭരണസംവിധാനം കാര്യക്ഷമമാക്കുക

33. തദ്ദേശസ്വയംഭരണ വകുപ്പാണ് ഈ ഉദ്യമം നടപ്പാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവയുടെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട് രൂപകല്പന ചെയ്ത ഒരു ഓഫീസ് മാനേജ്മെന്റ് സംവിധാനം നിലവിലില്ല. നിലവിലുള്ള സംവിധാനം രജിസ്റ്ററുകളെ അടിസ്ഥാനമാക്കിയുള്ളതാണ്; ഫയലുകളെ അടിസ്ഥാനമാക്കിയുള്ളതല്ല. സുപ്രധാനങ്ങളായ ചുമതലകളും ഉയർന്നതോതിലുള്ള വിഭവങ്ങളും കൈമാറ്റം ചെയ്തുകിട്ടിയതോടെ തദ്ദേശസർക്കാരുകളിലെ ഓഫീസ് മാനേജ്മെന്റ് വളരെ നിർണ്ണായകമായി മാറി. ഫയലുകൾ സൂക്ഷിക്കൽ, തീരുമാനങ്ങളെടുക്കുന്നതിനായി ഫയലുകളുടെ നീക്കം, ഫയലുകളുടെയും വിവരങ്ങളുടെയും സൂക്ഷിക്കലും ആവശ്യാനുസരണം ലഭ്യമാക്കലും, സർക്കാരിനും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും പൊതുജനത്തിനും വിവിധകാര്യങ്ങളുടെ പുരോഗതിയെ സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി വളരെ കാര്യക്ഷമമായ ഒരു ഓഫീസ് സംവിധാനത്തിന്റെ ആവശ്യമുണ്ട്.

34. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ലളിതവും സുതാര്യവും വിശ്വാസ്യതയുള്ളതുമായ ഒരു ഓഫീസ് മാനേജ്മെന്റ് വ്യവസ്ഥ രൂപകല്പന ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓഫീസ് മാന്വലിന്റെ കരട് തയ്യാറാക്കി. ഇതിനനുയോജ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കാനും കരടുമാന്വൽ സർക്കാർ തലത്തിൽ അംഗീകരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് ഇനി അവശേഷിക്കുന്നത്. പുതിയ ഓഫീസ് മാന്വൽ സർക്കാർ അംഗീകരിച്ചശേഷം മാത്രമേ നടപ്പിലാക്കുകയുള്ളൂ.

35. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസംവിധാനം കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചത്:

- പദ്ധതിനിർവ്വഹണത്തിന്റെ മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ കാര്യക്ഷമമാക്കാനായി മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി.
- പൗരനു നൽകുന്ന സേവനങ്ങൾ, അവയുടെ ഗുണനിലവാരം, നിബന്ധനകൾ, ഫീസ്, സമയപരിധി, സുതാര്യത, പരാതി പരിഹാര സംവിധാനം എന്നിവയൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് മെച്ചപ്പെട്ട പൗരാവകാശരേഖകൾ തയ്യാറാക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.
- ഘടകസ്ഥാപനങ്ങളുടെ (Transferred Institutions) മെച്ചപ്പെട്ട പ്രവർത്തനത്തിനു സഹായകരമായ മാനേജ്മെന്റ് മാന്വലുകൾ തയ്യാറാക്കാനുള്ള ഉദ്യമം ഏറ്റെടുത്തു.
- പുതിയ അക്കൗണ്ട്സ് മാന്വലും ബഡ്ജറ്റ് മാന്വലും തയ്യാറാക്കി.

## XVII. ധനകാര്യ വകുപ്പിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

36. ധനകാര്യ വകുപ്പാണ് ഈ ഉദ്യമം നടപ്പാക്കിയത്. സർക്കാർ നടപടികളുടെ നവീകരണത്തിലൂടെ ധനകാര്യ വകുപ്പിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ വിവിധവിഭാഗം ജീവനക്കാർക്ക് IMG, KELTRON, NIC തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന പരിശീലനപദ്ധതികൾ നടപ്പിലാക്കി. കൂടാതെ, ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിതലം മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്കായി നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ, ജോയിന്റ് ഇൻഡ്യാ ഐ.എം.എഫ്., ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ പരിശീലനകേന്ദ്രങ്ങളിൽ പലവിധ പ്രോഗ്രാമുകളിലായി ട്രെയിനിംഗ് നൽകി. മിതവ്യയം നടപ്പാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ജീവനക്കാർക്ക് കാലാകാലങ്ങളിൽ നൽകേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു.

## XVIII. സർക്കാർ നടപടി നവീകരണ നൈപുണ്യരൂപരേഖ

37. ഭരണനവീകരണ പരിപാടിയിൻകീഴിലുള്ള വികസനസമീപനം, ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അടിസ്ഥാന പൊതുസേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, വികസനത്തിനും വളർച്ചയ്ക്കും അനുഗുണമായ പരിസ്ഥിതി സൃഷ്ടിക്കുക, ധനപരമായ സുസ്ഥിരത (സംസ്ഥാനതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും) കൈവരിക്കുക, കാതലായ സർക്കാർ ധർമ്മങ്ങളുടെ ഫലപ്രാപ്തിയും ക്ഷമതയും വർദ്ധിപ്പിക്കുക, വികേന്ദ്രീകരണത്തിലൂടെ ഫലപ്രദവും കാര്യക്ഷമവുമായ തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ കെട്ടിപ്പടുക്കുക എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്.

## XIX. കൃത്യനിർവ്വഹണ പുനരവലോകനം

38. ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പാണ് ഈ ഉദ്യമം നടപ്പിലാക്കിയത്. സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ മിക്ക സ്ഥാപനങ്ങളും വേണ്ടത്ര ആസൂത്രണമില്ലാതെ നിലവിൽ വരികയും ഉരുത്തിരിഞ്ഞുവരുന്ന ആവശ്യങ്ങളനുസരിച്ച് ഘടനയിൽ താൽക്കാലികമാറ്റം വരുത്തുകയും ചെയ്യുന്നതിനാൽ ഭരണപരിഷ്കാരങ്ങൾ കൊണ്ട് പ്രഖ്യാപിത ലക്ഷ്യപ്രാപ്തി കൈവരിക്കാൻ സാധിക്കുന്നില്ല. ഇതിന് കൃത്യനിർവ്വഹണ പുനരവലോകനം അനിവാര്യമാണ്. നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയുടെയും പ്രവർത്തനരീതിയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും അന്തരീക്ഷത്തിൽ സ്ഥാപനത്തിന്റെ ഘടന, പ്രവർത്തനസമീപനം, നടപടിക്രമം, നിലവിലുള്ള പ്രവർത്തനരീതി തുടങ്ങിയവ സമൂഹത്തിന്റെ പ്രതീക്ഷകൾക്ക് അനുയോജ്യമാണോ എന്നറിയാനുള്ള ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. കൃത്യനിർവ്വഹണ പുനരവലോകന സമീപനത്തിൽ സെക്രട്ടേറിയറ്റിന്റെ ഇനിയുള്ള പ്രവർത്തനം എങ്ങനെയായിരിക്കണം; മാറിവരുന്ന പ്രവർത്തനശൈലിയിൽ സെക്രട്ടേറിയറ്റിന്റെ പങ്ക്; ഇന്ന് തുടർന്നുവരുന്ന പ്രവർത്തനങ്ങൾ അപ്പടി തുടരുന്നത് ആശാസ്യമാണോ; പുതിയ പ്രവർത്തനങ്ങൾ എന്തെല്ലാം; പുനർനിർവ്വചിക്കപ്പെട്ട നിർദ്ദേശങ്ങൾക്കനുസരിച്ച് കാര്യക്ഷമമായ പ്രവർത്തനശൈലി കൈവരിക്കുന്നതിന് സെക്രട്ടേറിയറ്റിന്റെ ഘടന എന്തായിരിക്കണം തുടങ്ങിയവയും സെക്രട്ടേറിയറ്റ് തലത്തിലെ കൃത്യനിർവ്വഹണ പുനരവലോകന പ്രവർത്തനങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനുപരിയായി ആവശ്യമായ അധികാര/ചുമതലപ്പെടുത്തലുകളും പ്രവർത്തന ചട്ടങ്ങളിലെ തദനുസരണമായ മാറ്റങ്ങളും അനുയോജ്യമായ തരത്തിൽ സ്ഥാപനത്തിന്റെ അടുക്കിലും പ്രവർത്തനരീതിയിലും വരുത്തുന്നതും ഈ പ്രക്രിയകൊണ്ട് ഉദ്ദേശിച്ചിരുന്നു.

39. ഓരോ വകുപ്പിലും നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു; അനുവദിച്ച തുക ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു:

**1. ഗതാഗത വകുപ്പ്** (177.11 ലക്ഷം രൂപ)

(1) സ്കൂളുകളിൽ റോഡുസുരക്ഷാ ക്ലബ്ബുകൾ സ്ഥാപിക്കൽ.

(2) ഇലക്ട്രോണിക്/പത്രമാധ്യമങ്ങളിലൂടെയുള്ള പ്രചരണം.

(3) ഹോർഡിംഗുകളും സ്പീഡ് നിയന്ത്രണബോർഡുകളും സ്ഥാപിക്കൽ.

(4) ഡ്രൈവർമാർക്കുള്ള പരിശീലനം.

(5) ബോധവൽക്കരണപരിപാടികൾ, സെമിനാറുകൾ മുതലായവ.

(6) മൊബൈൽ എക്സിബിഷൻ-കം-ട്രെയിനിംഗ് വാഹനങ്ങൾ വാങ്ങൽ.

(7) മോട്ടോർ വാഹനനിയമത്തിലെ വ്യവസ്ഥകൾ കർശനമാക്കുക.

(8) സ്പീഡ് ട്രാക്കറുകൾ വാങ്ങുക.

(9) റിട്രോ-റിഫ്ലക്ടീവ് ജാക്കറ്റുകൾ, ഇല്യൂമിനേറ്റഡ് ബാറ്റണുകൾ, സൗണ്ട് ലെവൽ മീറ്ററുകൾ, ബ്രത്ത് അനലൈസറുകൾ എന്നിവ വാങ്ങുക.

(10) ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് തലങ്ങളിൽ മെക്കാനിക്കൽ ഡിഫക്റ്റ് ഡിറ്റക്ഷൻ സിസ്റ്റം സ്ഥാപിക്കുക.

**2. വ്യവസായ വകുപ്പ്** (21600.91 ലക്ഷം രൂപ)

(1) OTS with ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങൾ.

(2) Settlement to creditors.

(3) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്വയം വിരമിക്കൽ പദ്ധതി (Voluntary Retirement Scheme).

(4) സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പ്രവർത്തനമൂലധനം.

(5) കെൽട്രോൺ റെക്റ്റിഫയേഴ്സ്, കൗണ്ടേഴ്സ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് എന്നിവയിൽ സ്വയം വിരമിക്കൽ പദ്ധതി (Voluntary Retirement Scheme).

(6) കേരളാ സോപ്പ് ആന്റ് ഓയിൽസ്, ഓട്ടോകാസ്റ്റ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ട്രാവൻകൂർ സ്പിന്നിംഗ് മിൽസ്, കൺസ്ട്രക്ഷൻ കമ്പോണന്റ്സ്, സ്റ്റേറ്റ്സ് കേരള എന്നിവയിൽ SSNP.

(7) ERC package in Travancore Sugars and Chemicals, മെട്രോപ്പോളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി, മെറ്റൽ ഇൻഡസ്ട്രീസ്.

(8) ബിസിനസ് പ്രൊമോഷൻ-ഗൈഡൻസ് സെല്ലുകൾ എന്നിവ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ.

(9) നവസംരംഭകർക്ക് ബോധവൽക്കരണപരിപാടികൾ.

(10) സ്കൂളുകളിൽ വ്യവസായക്ലബ്ബുകൾ.

**3. ജലവിഭവ വകുപ്പ്** (145 ലക്ഷം രൂപ)

(1) മഴവെള്ളസംഭരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിപുലമായ പദ്ധതികൾ.

(2) ഗ്രാമീണ ശുദ്ധജലവിതരണ-ശുചീകരണ ഏജൻസിയുടെ ഭാഗമായി Rain Centre.

(3) ഫെറോ-സിമന്റ് ടെക്നോളജിയിൽ ഓരോ ജില്ലയിലും 50 മേസ്തിരിമാർക്കും 25 ഡിപ്പാർട്ട്മെന്റ് എഞ്ചിനീയർമാർക്കും പരിശീലനം.

(4) 10 മഴവെള്ളസംഭരണയൂണിറ്റുകൾ റീതം ഓരോ ജില്ലയിലും.

(5) മെഡിക്കൽ കോളേജുകൾ പോലുള്ള സ്ഥലങ്ങളിൽ മഴവെള്ളസംഭരണ സ്കീമുകൾ സ്ഥാപിച്ചു.

(6) ജില്ലകൾതോറും പ്രചരണപരിപാടികൾ.

**4. ഊർജ്ജ വകുപ്പ്** (75646 ലക്ഷം രൂപ)

(1) കെ.എസ്.ഇ.ബി.യുടെ റവന്യൂ ഗ്യാപ്പ് നികത്തുക.

(2) ഊർജ്ജമേഖലയിൽ പുനഃസംഘടന.

**5. ആരോഗ്യ വകുപ്പ്** (2726.49 ലക്ഷം രൂപ)

(1) ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ നടപ്പിലാക്കുക.

(2) 4 ജില്ലാ ആശുപത്രികൾ, 16 താലൂക്ക് ആശുപത്രികൾ, 18 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, 99 പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവ സ്ഥാപിച്ചു.

(3) നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, പുതിയവയുടെ നിർമ്മാണം, ലബോറട്ടറികളുടെയും ഓപ്പറേഷൻ തിയേറ്ററുകളുടെയും നവീകരണം.

എം.ജി.പി. അവസാനിപ്പിച്ചതിനുശേഷം 85% പൂർത്തീകരിച്ച പദ്ധതികളുടെ 15% ബന്ധപ്പെട്ട പഞ്ചായത്തുകൾ പൂർത്തീകരിച്ചു

**6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്** (36 ലക്ഷം രൂപ)

മീഡിയാ പബ്ലിസിറ്റി ഏകീകരിക്കുന്നതിനും സെക്രട്ടേറിയറ്റിൽ മീഡിയാ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിനും തെരുവുനാടകങ്ങൾ സംഘടിപ്പിക്കുന്നതിനും ഉപയോഗിച്ചു.

**7. പൊതുവിദ്യാഭ്യാസ വകുപ്പ്** (3028.03 ലക്ഷം രൂപ)

സ്കൂളുകളിലെ ലാബുകളും ലൈബ്രറികളും നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ക്ലാസ്സ് മുറികളും ചുറ്റുമതിലും നിർമ്മിക്കുന്നതിനും ഇലക്ട്രിഫിക്കേഷനും ശുദ്ധജലവിതരണവും മഴവെള്ളസംഭരണ പദ്ധതികളും നടപ്പിലാക്കുന്നതിനും ഉപയോഗിച്ചു

**8. പൊതുഭരണ വകുപ്പ്** (7397.87 ലക്ഷം രൂപ)

വിവിധവകുപ്പുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കൽ, എയർ കണ്ടീഷനിംഗ്, ഇലക്ട്രിഫിക്കേഷൻ, നവീകരണം, കമ്പ്യൂട്ടർ പോലുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങൽ, സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളുകളുടെയും സെക്ഷനുകളുടെയും നവീകരണം.

**9. പോലീസ് വകുപ്പ്** (1225.42 ലക്ഷം രൂപ)

(1) 57 പോലീസ് സ്റ്റേഷനുകളിലെ കെട്ടിടങ്ങളുടെ നവീകരണവും പുതിയവയുടെ നിർമ്മാണവും.

(2) ജില്ലാതലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാഹനങ്ങളും ആധുനിക കുറ്റാന്വേഷണ ഉപകരണങ്ങളും വാങ്ങി.

**10. രജിസ്ട്രേഷൻ വകുപ്പ്** (553.85 ലക്ഷം രൂപ)

60 സബ്-രജിസ്ട്രാർ ഓഫീസുകളിൽ ഡേറ്റാ എൻട്രി, കമ്പ്യൂട്ടർവൽക്കരണം, 30 സബ്-രജിസ്ട്രാർ ഓഫീസുകൾക്ക് സ്ഥലം വാങ്ങുന്നതിനും 2 സബ്-രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനും സബ്-രജിസ്ട്രാർ ഓഫീസുകളുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കും.

**11. ഭക്ഷ്യ-പൊതുവിതരണ വകുപ്പ്** (666.68 ലക്ഷം രൂപ)

(1) 63 താലൂക്ക് സപ്ലൈ ഓഫീസുകൾ, 6 CROS, 14 കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസൽ ഫോറങ്ങൾ എന്നിവയുടെ സർവ്വീസ് ഡെലിവറിക്കുവേണ്ടി

(2) ഉപഭോക്താക്കളിൽ ഗുണനിലവാരത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക

(3) കെൽട്രോണിന്റെ സഹായത്തോടെ സോഫ്റ്റ്‌വെയർ രൂപകല്പന, ഉപഭോക്തൃ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് രജിസ്ട്രേഷൻ.

**12. സാമൂഹ്യനീതി വകുപ്പ്** (2550.3 ലക്ഷം രൂപ)

1102 അംഗനവാടികൾ, 48 വൃദ്ധസദനങ്ങൾ എന്നിവയുടെ നിർമ്മാണം, വസ്തുക്കളുടെ വാങ്ങൽ, ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ വാങ്ങൽ, അന്തേവാസികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിശീലനം, ആരോഗ്യസ്കീമുകൾ, യോഗ, മെഡിറ്റേഷൻ എന്നിവയിൽ പരിശീലനം.

**13. ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് (2 കോടി രൂപ)**

'അക്ഷയ'

(1) ഇ-സാക്ഷരതയ്ക്കായി മലപ്പുറം ജില്ലയിൽ പൈലറ്റ് പ്രോജക്ടായി 'അക്ഷയ' നടപ്പിലാക്കി.

(2) എല്ലാ ജില്ലകളിലും 2 ഘട്ടങ്ങളിലായി നടപ്പിലാക്കി.

(3) 'അക്ഷയ' എല്ലാ സ്ഥലങ്ങളിലും കോമൺ സർവ്വീസ് സെന്ററുകളാക്കി.

(4) ഇ-ഡിസ്ട്രിക്ട് പ്രോഗ്രാമിന്റെ ഭാഗമായി ആധാർ എൻറോൾമെന്റിനായി ഉപയോഗിക്കാൻ സാധിച്ചു.

(5) കൊമേഴ്സ്യൽ ടാക്സസ് വകുപ്പുമായി ചേർന്ന് 100% വാറ്റ് റിട്ടേൺ സ്ഥാപിക്കാൻ സാധിച്ചു.

(6) 100000 സ്കൂൾ കുട്ടികൾക്ക് Intel Learn Program നടപ്പിലാക്കി.

(7) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും അനുബന്ധ കാര്യങ്ങൾക്കുമായി കാര്യക്ഷമമായ രീതിയിൽ സ്പാർക്ക് ഏർപ്പെടുത്തി.

(8) സെക്രട്ടേറിയറ്റിൽ Knowledge Archive Project നടപ്പിലാക്കി. ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ ആരംഭിച്ചു. 625206 ഫയലുകൾ സ്കാൻ ചെയ്തു സംരക്ഷിച്ചിട്ടുണ്ട്.

**14. റവന്യൂ വകുപ്പ്** (7130.75 ലക്ഷം രൂപ)

(1) 1107 വില്ലേജോഫീസുകളുടെ നവീകരണം.

(2) 18 താലൂക്ക് ഓഫീസുകൾ, 14 കളക്ടറേറ്റുകൾ എന്നിവയുടെ നവീകരണം.

(3) കളക്ടറേറ്റുകളിൽ DC Suite Project.

(4) വയർലെസ് സിസ്റ്റം, ബുക്കുകൾ, ഫർണിച്ചറുകൾ, ലാപ്-ടോപ്പ് എന്നിവ വാങ്ങുന്നതിനും ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും.

**15. തദ്ദേശസ്വയംഭരണ വകുപ്പ്** (2482.96 ലക്ഷം രൂപ)

(1) ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും.

(2) ബോധവൽക്കരണപരിപാടികൾ-ട്രെയിനിംഗ്, സെമിനാർ തുടങ്ങിയവ.

(3) കോൺഫറൻസ് ഹാളുകൾ, റിസപ്ഷൻ കൗണ്ടർ, വെയ്റ്റിംഗ് റൂം എന്നിവയുടെ നിർമ്മാണം.

(4) റോഡ് മാപ്പുകളും രജിസ്റ്ററുകളും.

(5) തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് മെംബർമാർക്കുള്ള പരിശീലനം.

(6) തദ്ദേശസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക.

(7) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി 325 ആശുപത്രികളിൽ കമ്പ്യൂട്ടർവത്കൃത കിയോസ്കുകൾ സ്ഥാപിക്കുക.

(8) ആസൂത്രണം, പൊതുമരാമത്ത് എന്നിവയെ സംബന്ധിച്ച മാന്വലുകൾ തയ്യാറാക്കുക.

(9) മലപ്പുറം ജില്ലയിൽ റോഡുകളുടെ സംയോജനം.

(10) സേവനം നൽകുന്നതിലെ കാര്യക്ഷമത.

(11) ശാരീരിക-മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസ പദ്ധതികൾ.

(12) തദ്ദേശസ്ഥാപനങ്ങളിൽ വാട്ടർ അതോറിറ്റിയുടെ സ്കീമുകൾ.

(13) തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി വർദ്ധിപ്പിക്കൽ.

## നിഗമനങ്ങൾ/ശിപാർശകൾ

40. ഭരണ നവീകരണ പരിപാടിക്കായി വായ്പായിനത്തിൽ ലഭിച്ച ആകെത്തുക, ആയതിൽ നിന്ന് വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, ഓരോ വകുപ്പിലും നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, ബാക്കിവന്ന തുക, പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടത്തിയ വിദേശയാത്രകൾ തുടങ്ങിയ നിരവധി വിവരങ്ങൾ സമിതി ആവശ്യപ്പെട്ടിട്ടും സമർപ്പിക്കാതിരുന്നതിനുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് എം.ജി.പി. സംബന്ധമായ മുഴുവൻ ഫയലുകളും 2008-ൽ പൊതുഭരണ വകുപ്പിൽനിന്ന് ഐ.ടി. വകുപ്പിലേക്ക് കൈമാറിയിട്ടുണ്ടെന്നാണ് പൊതുഭരണവകുപ്പ് സമിതിയെ അറിയിച്ചത്.

41. 2002 മുതൽ 2008 വരെയുള്ള കാലയളവിൽ എം.ജി.പി.-യുടെ നിർവ്വഹണ ചുമതല ഉണ്ടായിരുന്ന പൊതുഭരണ വകുപ്പിൽനിന്ന് പദ്ധതി അവസാനിച്ചശേഷം ബന്ധപ്പെട്ട ഫയലുകൾ വിവരസാങ്കേതിക്‌വിദ്യാ വകുപ്പിന് കൈമാറിയതിന് പ്രത്യേക കാരണമുണ്ടോയെന്നും അപ്രകാരം ഫയലുകൾ കൈമാറിയത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നോ എന്നും സമിതി ആരാഞ്ഞതിന് 11-7-2008-ലെ ജി.ഒ (എംഎസ്.) നമ്പർ 223/2008/ജി.എ.ഡി. നമ്പർ ഉത്തരവുപ്രകാരമാണ് എം.ജി.പി.-യുമായി ബന്ധപ്പെട്ട ജോലികൾ പൊതുഭരണ വകുപ്പിൽ അവസാനിപ്പിക്കുകയും ആയതിനായി സൃഷ്ടിച്ച തസ്തികകൾ വിവരസാങ്കേതികവിദ്യാ വകുപ്പിലേക്ക് മാറ്റുകയും ചെയ്തതെന്നും ഡിജിറ്റൈസേഷൻ നടപടികൾ സ്വീകരിക്കുന്നതിനും ഡിജിറ്റൈസേഷനുശേഷം തിരികെ നൽകുന്നതിനും വേണ്ടിയാണ് വിവരസാങ്കേതികവിദ്യാ വകുപ്പിന് ഫയലുകൾ കൈമാറിയിട്ടുള്ളതെന്നും പൊതുഭരണ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

42. എം.ജി.പി.-യുമായി ബന്ധപ്പെട്ട ഫയലുകൾ 2008-ൽ വിവരസാങ്കേതികവിദ്യാ വകുപ്പിന് കൈമാറിയിട്ടും അവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ച് ഫയലുകൾ പൊതുഭരണവകുപ്പിന് തിരികെ നൽകുന്നതിൽ കാലതാമസം നേരിടുന്നതെന്തു കൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ഡിജിറ്റൈസേഷൻ ജോലികൾ നടന്നുവരികയാണെന്നും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ 2003 മുതൽ 2013 വരെയുള്ള ഫയലുകൾ ഡിജിറ്റൈസ് ചെയ്തു കൊണ്ടിരിക്കുകയാണെന്നും ആയതിനാലാണ് കാലതാമസമുണ്ടായതെന്നും ഐ.ടി. വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു എം.ജി.പി.-യുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും ഐ.ടി. വകുപ്പിന്റെ പക്കലില്ലെന്നും മറ്റു പല വകുപ്പുകളിലുമാണ് അവ ഉള്ളതെന്നും ഐ.ടി. വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

43. സംസ്ഥാനത്ത് നടപ്പാക്കിയ ഭരണനവീകരണ പരിപാടിക്കായി ലഭിച്ച വായ്പയുടെയും അതിന്റെ വിനിയോഗത്തിന്റെയും വായ്പാതിരിച്ചടവിന്റെയും രേഖകൾ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് സമിതിക്ക് ലഭ്യമാക്കണമെന്ന് പൊതുഭരണ വകുപ്പിനോടും വിവരസാങ്കേതികവിദ്യാ വകുപ്പിനോടും സമിതി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രസ്തുത വകുപ്പുദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയിട്ടും ടി വകുപ്പുകൾ രേഖകൾ സമിതി മുമ്പാകെ സമർപ്പിക്കുന്നതിൽ അലംഭാവം കാട്ടുകയുണ്ടായി.

44. സംസ്ഥാനത്ത് വളരെയേറെ വിവാദ കോലാഹലങ്ങൾക്ക് വഴിതെളിച്ച ഭരണനവീകരണ പരിപാടി എന്ന വളരെ ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നതിന് ചുക്കാൻപിടിച്ച വകുപ്പുകൾക്ക് പ്രസ്തുത പരിപാടിയുടെ നടത്തിപ്പു സംബന്ധിച്ചുള്ള കൃത്യമായ രേഖകൾ ഒരു നിയമസഭാ കമ്മിറ്റി മുമ്പാകെ യഥാസമയം സമർപ്പിക്കാൻ

കഴിയാത്തത് ടി വകുപ്പുകളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി നിരീക്ഷിക്കുന്നു. ഭരണനവീകരണ പരിപാടിയുടെ കണക്കുവിവരങ്ങൾ ഉൾക്കൊള്ളുന്ന ദീർഘകാലം സൂക്ഷിക്കേണ്ടതായ ഫയലുകൾ ഡിജിറ്റൈസേഷൻ നടത്തേണ്ടത് അനിവാര്യമാണെങ്കിലും അതൊരു ന്യായമായി പറഞ്ഞ് സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരിക്കുകയായിരുന്നു. മാത്രമല്ല മുഴുവൻ ഫയലുകളും ഐ.ടി. വകുപ്പിന് കൈമാറിയെന്ന് പൊതുഭരണ വകുപ്പ് സമിതിയെ അറിയിച്ചപ്പോൾതന്നെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഒട്ടേറെ ഫയലുകൾ മറ്റുവകുപ്പുകളിലുണ്ടെന്ന് ഐ.ടി. വകുപ്പ് സമിതിയെ അറിയിക്കുകയുമുണ്ടായി എന്നതും സമിതി ചൂണ്ടികാട്ടുന്നു.

45. ഭരണനവീകരണ പരിപാടിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ഡിജിറ്റൈസേഷൻ നീണ്ടുപോകുന്നതിനാലാണ് സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കാൻ കഴിയാത്തതെന്ന് പൊതുഭരണ വകുപ്പിലെയും വിവരസാങ്കേതികവിദ്യാ വകുപ്പിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒന്നിലേറെ യോഗങ്ങളിൽ സമിതിയെ അറിയിക്കുകയുണ്ടായി. 23-7-2014-ൽ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടന്ന തെളിവെടുപ്പ് യോഗത്തിൽപ്പോലും പ്രസ്തുത പരിപാടിയുടെ പൂർണ്ണമായ കണക്കുവിവരങ്ങൾ സമിതി മുമ്പാകെ സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. പ്രസ്തുത ചർച്ചയിൽ എം.ജി.പി.-യുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. യോഗത്തിൽ എം.ജി.പി.-യുമായി ബന്ധപ്പെട്ട ഒരു ഏകദേശ കണക്ക് മാത്രമാണ് സമിതിക്ക് നൽകിയത്. പൂർണ്ണമായ കണക്കു വിവരങ്ങൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ നൽകിയ ഉറപ്പുപോലും നാളിതുവരെയും പാലിക്കപ്പെട്ടിട്ടില്ലെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

46. മേൽ സാഹചര്യത്തിൽ എം.ജി.പി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിച്ച ആകെ വായ്പ, ഗ്രാന്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അവ ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ പദ്ധതികളിലായി എത്ര തുക വീതം ചെലവഴിച്ചുവെന്നുള്ള വിശദാംശങ്ങളും വകുപ്പുകൾക്കനുവദിച്ച തുകകളിൽ ചെലവഴിക്കാതെ ബാക്കിവന്ന തുക എന്തു ചെയ്തുവെന്നുള്ള വിശദാംശങ്ങളും ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പരുകൾ സഹിതം സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. ഭരണനവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പിൽനിന്ന് ഐ.ടി. വകുപ്പിന് കൈമാറിയ മുഴുവൻ ഫയലുകളുടെയും വിശദാംശങ്ങളും പൊതുഭരണ വകുപ്പിൽനിന്ന് ഐ.ടി. വകുപ്പ് ഏറ്റു വാങ്ങിയ മുഴുവൻ ഫയലുകളുടെ വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, എം.ജി.പി. സംബന്ധമായി മറ്റുവകുപ്പുകളിലുള്ള മുഴുവൻ ഫയലുകളുടെയും വിശദാംശങ്ങൾ അതത് വകുപ്പുകൾ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. എം.ജി.പി.-യുമായി ബന്ധപ്പെട്ട ഫയലുകൾ എം.ജി.പി.-യുടെ നിർവ്വഹണത്തിനായി സൃഷ്ടിച്ച തസ്തികകൾ ഉൾപ്പെടെ 11-7-2008-ലെ G.O. (Ms.) No. 223/08/GAD. ഉത്തരവുപ്രകാരം വിവരസാങ്കേതികവിദ്യാ വകുപ്പിന് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഫയലുകളുടെ ഡിജിറ്റൈസേഷൻ നടപടികൾ പൂർത്തിയായിട്ടില്ലെങ്കിലും അവയിലെ വിവരങ്ങൾ സമാഹരിച്ച് യഥാസമയം സമിതിക്ക് സമർപ്പിക്കാമായിരുന്നുവെന്ന വസ്തുത സമിതി ചൂണ്ടിക്കാട്ടുന്നു. എം.ജി.പി.-യുമായി ബന്ധപ്പെട്ട് സൃഷ്ടിച്ച ആകെ എത്ര തസ്തികകൾ, അവയിൽ ഏതൊക്കെ റീതം വിവരസാങ്കേതികവിദ്യാ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും പ്രസ്തുത തസ്തികകൾ ടി വകുപ്പിൽ ഇപ്പോഴും നിലവിലുണ്ടോയെന്നും പ്രസ്തുത ജീവനക്കാർ നിലവിൽ നിർവ്വഹിച്ചുവരുന്ന ജോലികൾ എന്താണെന്നുമുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

49. 2002-ൽ ആരംഭിച്ച് 2008-ൽ അവസാനിച്ച ഭരണനവീകരണ പരിപാടി ആകെ 19 വകുപ്പുകളിലായാണ് നടപ്പിലാക്കിയതെന്നും ആയതിൽ 93 പദ്ധതികൾ പൊതുഭരണ വകുപ്പിലും 7 പദ്ധതികൾ ധനകാര്യ വകുപ്പിലുമാണ് നടപ്പാക്കിയതെന്നും അവയിൽ 96 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും പൊതുഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുക, വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവയായിരുന്നു എം.ജി.പി.-യുടെ പ്രധാന ലക്ഷ്യങ്ങൾ. വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകകളിൽ ഭൂരിഭാഗവും ചെലവഴിച്ചത് വകുപ്പുകളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ റവന്യൂകമ്മി നികത്തൽ, വൺടൈം സെറ്റിൽമെന്റ്, വി.ആർ.എസ്., S.S.N.P. (Social Security Network Project), റിവൈവൽ വർക്കിംഗ് ക്യാപിറ്റൽ ഓപ്പറേഷനുകൾക്കുള്ള പ്രവർത്തനഫണ്ട് എന്നിവയ്ക്കു വേണ്ടിയായിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു.

50. ഭരണ നവീകരണ പരിപാടിക്കായി ലഭിച്ച വായ്പയിൽനിന്ന് വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകകൾ ചെലവഴിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗരേഖകൾ ഉണ്ടായിരുന്നുവോയെന്ന് സമിതി ആരാഞ്ഞതിന് ഓരോ വകുപ്പിലും നടപ്പാക്കേണ്ട പദ്ധതികൾ അതത് വകുപ്പുകൾതന്നെ തയ്യാറാക്കി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ധനകാര്യ വകുപ്പ് സെക്രട്ടറി അംഗവുമായിരുന്ന എംപവേർഡ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുകയായിരുന്നുവെന്നും അംഗീകാരം നൽകുന്നതിനുമുമ്പ് മൂന്നുതലങ്ങളിലുള്ള പരിശോധനകൾ നടത്തിയിരുന്നുവെന്നും ആദ്യം 'റിയാബ് ' എന്ന ഏജൻസിയും പിന്നീട് വകുപ്പും അതിനുശേഷം വകുപ്പുമന്ത്രിയും പരിശോധിച്ചശേഷമാണ് പദ്ധതി അംഗീകാരത്തിനായി എംപവേർഡ് കമ്മിറ്റിയിൽ എത്തിയിരുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

51. ഭരണനവീകരണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ 96 പദ്ധതികളുടെയും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നോയെന്നും ഉണ്ടായിരുന്നു വെങ്കിൽ അതിനുള്ള മാനദണ്ഡമെന്തായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് വ്യവസായ വകുപ്പുമുഖേന നടപ്പാക്കിയ പദ്ധതികൾക്ക് മാത്രമാണ് 'റിയാബ് ' പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി യിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

52. വിവിധ വകുപ്പുകൾക്കനുവദിച്ച വലിയ തുകകൾ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ കൂടാതെ ചെലവഴിക്കാൻ വകുപ്പുകൾക്ക് അനുമതി നൽകിയതിനുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് '96 initiatives for improving Kerala by various Departments' എന്നുള്ള രീതിയിൽ വിവിധ വകുപ്പുകളിലായി നടപ്പാക്കിയ ഭരണ നവീകരണ പരിപാടിയിൽ പ്രധാനമായും രണ്ടു ഭാഗങ്ങളാണ് ഉണ്ടായിരുന്നതെന്നും എക്സ്പെൻഡിച്ചർ റിഡക്ഷൻ, കോസ്റ്റ് മിനിമൈസേഷൻ, എഫിഷ്യൻസി ഇംപ്രൂവ്മെന്റ് എന്നിവയും സർവ്വീസ് ഡെലിവറിയുമായിരുന്നു അവയെന്നും തെരഞ്ഞെടുക്കുന്ന വകുപ്പുകളിൽ നിന്ന് 10% സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവയെ മാതൃകാസ്ഥാപനങ്ങളാക്കുക എന്ന രീതിയിലാണ് പ്രവർത്തനം ആരംഭിച്ചതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

53. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് 150 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തുവെന്നും ആയതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിച്ചതു 'റിയാബ്' ആയിരുന്നുവെന്നും പദ്ധതികളുടെ നടത്തിപ്പിന് കൺസൾട്ടൻസി സപ്പോർട്ട് കിട്ടിയതിനാൽ മികച്ച പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കൂടാതെ സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊക്യൂർമെന്റ് മാന്വൽ അടിസ്ഥാനമാക്കിയാണ് നിയമനങ്ങൾ, പർച്ചേസ്, ധനവിനിയോഗം, അക്കൗണ്ടിംഗ് എന്നിവ കൈകാര്യം ചെയ്തതെന്നും ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ടാണ് പർച്ചേസ് നടത്തിയിട്ടുള്ളതെന്നും വിശദമായ ടെണ്ടർ നടപടികൾക്കുശേഷം മാത്രമാണ് 150 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

54. <u>ഭരണനവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പട്ടിക വകുപ്പ് തിരിച്ച് ലഭ്യമാക്കണമെന്നും അവയുടെ തെരഞ്ഞെടുപ്പിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

55. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലും നടപ്പാക്കിയ ഓരോ പദ്ധതിയുടെയും പ്രോജക്ട് റിപ്പോർട്ടുകൾ ഏതൊക്കെ ഏജൻസികളാണ് തയ്യാറാക്കിയതെന്നും അവയ്ക്കോരോന്നിനും ഏതൊക്കെ തീയതികളിലാണ് എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ഭരണനവീകരണ പരിപാടിയുടെ ഫണ്ടിംഗ് ഏജൻസി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഏജൻസി ഒരു ഇടക്കാല വിലയിരുത്തൽ നടത്തിയിരുന്നുവെന്നും ഒരു പ്രോഗ്രാം കംപ്ലീഷൻ റിപ്പോർട്ടും വാലിഡേഷൻ റിപ്പോർട്ടും നൽകിയിരുന്നുവെന്നും പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം എം.ജി.പി. ഭാഗികമായി വിജയിച്ച ഒരു പദ്ധതിയാണെന്നും പദ്ധതിയുടെ ഗുണഫലങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയാതിരുന്നതും രാഷ്ട്രീയ പിന്തുണ കിട്ടാതിരുന്നതുമാണ് പദ്ധതിയുടെ പൂർണ്ണവിജയത്തിന് തടസ്സമായതെന്നുമാണ് പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്നും വിവരസാങ്കേതിക വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

57. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ടുള്ള ഫണ്ടിംഗ് ഏജൻസിയുടെ ഇടക്കാല വിലയിരുത്തൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പ്രസ്തുത ഏജൻസി അന്തിമ വിലയിരുത്തൽ നടത്താതിരുന്നത് ഏതു സാഹചര്യത്തിലാണെന്നുള്ള വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ഭരണനവീകരണ പരിപാടിയുടെ നിർവ്വഹണം സംബന്ധിച്ച് സർക്കാർ തലത്തിലോ മറ്റേതെങ്കിലും തലത്തിലോ വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

59. ഭരണ നവീകരണ പരിപാടിയുടെ വരവുചെലവു കണക്കുകൾ സർക്കാർ തലത്തിൽ ഓഡിറ്റ് ചെയ്തിട്ടുണ്ടോയെന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങളും ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഓരോ വകുപ്പും സമർപ്പിച്ചിട്ടുള്ള മറുപടികളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. എം.ജി.പി. മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ മൊത്തം ചെലവ് സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞതിന് 1154.12 കോടി രൂപ വായ്പയായി ലഭിച്ചുവെന്നും അതിനുപുറമേ സംസ്ഥാനം 150 കോടി രൂപ കൂടി ചെലവഴിച്ചിട്ടുണ്ടെന്നും ആകെ 1300 കോടി രൂപയാണ് പദ്ധതിയുടെ യഥാർത്ഥ ചെലവെന്നും യോഗത്തിൽ ഉദ്യോഗസ്ഥർ അറിയിച്ചു.

61. ഭരണനവീകരണ പരിപാടിക്കായി ലഭിച്ച വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന് 2006-ൽ തിരിച്ചടവ് തുടങ്ങിയെന്നും കേന്ദ്രം

സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വായ്പകളെല്ലാം ചേർത്ത് തവണകളായാണ് അടയ്ക്കുന്നതെന്നും തുടക്കത്തിൽ 11.5% പലിശയും നിലവിൽ 9.5% പലിശയുമാണ് അടയ്ക്കുന്നതെന്നും വായ്പയുടെ 30% കേന്ദ്രത്തിന്റെ ഗ്രാന്റായിരുന്നുവെന്നും ബാക്കി 70 ശതമാനം 15 വർഷം കൊണ്ട് തിരിച്ചടയ്ക്കണമെന്നും തിരിച്ചടവിൽ 5 വർഷത്തെ മൊറട്ടോറിയം ഉണ്ടായിരുന്നെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വായ്പായിനത്തിൽ 2006 മുതൽ ഓരോ വർഷവും നാളിതുവരെ മുതലിനത്തിലും പലിശയിനത്തിലും എത്ര രൂപ വീതം തിരിച്ചടച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. ഭരണനവീകരണ പരിപാടി എപ്രകാരം അവസാനിപ്പിച്ചുവെന്നത് സംബന്ധിച്ച് ഒരു രൂപവും ഇല്ലാത്ത അവസ്ഥയിലാണെന്നും വിവിധ വകുപ്പുകൾക്കനുവദിച്ച തുകകൾ ചെലവഴിക്കുന്നതിൽ സാധാരണ പാലിക്കേണ്ട നടപടിക്രമങ്ങൾ പല വകുപ്പുകളും പാലിച്ചിട്ടില്ലെന്നും ചെലവഴിക്കുന്ന ഓരോ തുകയ്ക്കും കൃത്യമായ കണക്കുകൾ ചട്ടപ്രകാരം സൂക്ഷിക്കണമെന്നും ഉള്ളപ്പോൾ ഫണ്ട് വിനിയോഗം അലസമായി കൈകാര്യം ചെയ്തിരിക്കുകയാണെന്നും സമിതി വിലയിരുത്തുന്നു. ഭരണനവീകരണ പരിപാടിയുടെ ഭാഗമായി ആരംഭിച്ച പല പദ്ധതികളും പൂർത്തീകരിക്കേണ്ടതായുള്ളതായും പൂർത്തിയാക്കിയിട്ടുള്ളവയുടെ തന്നെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മുതലായ രേഖകൾ തയ്യാറാക്കിയിട്ടില്ലെന്നും സമിതിയുടെ പഠനത്തിൽനിന്ന് വ്യക്തമാകുന്നു. ഇത് Quality Expenditure അല്ലെന്ന് സമിതി വിലയിരുത്തുന്നു. ഭരണ നിർവ്വഹണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് എം.ജി.പി. ലക്ഷ്യമിട്ടിരുന്നതെങ്കിലും ലഭ്യമായ കണക്കുകൾ പരിശോധിച്ചതിൽ അനുവദിച്ച 1300 കോടിയിൽപ്പരം രൂപയിൽ 756.46 കോടി രൂപ ഊർജ്ജ വകുപ്പിന്റെ റവന്യൂകമ്മി നികത്തുന്നതിനായിട്ടാണ് ചെലവഴിച്ചത്. വ്യവസായ വകുപ്പിന് അനുവദിച്ച 216 കോടിയിൽ കൂടുതലും പൊതുമേഖലാ സ്ഥാപനങ്ങളിലെ VRS, OTP, കടങ്ങൾ തീർക്കുക തുടങ്ങിയവയ്ക്കാണ് ഉപയോഗിച്ചത്. ഫലത്തിൽ എം.ജി.പി.-യിൽ 536 കോടി രൂപ മാത്രമാണ് വിവിധ വകുപ്പുകളുടെ പുനരുദ്ധാരണ പദ്ധതികൾക്കായി ചെലവഴിച്ചതെന്നും കാണാം.

63. പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുക, വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പദ്ധതി വലിയൊരളവോളം വിജയിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. മേല്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ചെലവഴിച്ച വായ്പയുടെ വിനിയോഗം സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിലും അവയുടെ ഓഡിറ്റിംഗ് നടത്തുന്നതിലും ഗുരുതരമായ പിഴവുകൾ സംഭവിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. വായ്പ വിനിയോഗത്തിന്റെ

ചുമതലയുള്ള ഉദ്യോഗസ്ഥരുടെ കർത്തവ്യ നിർവ്വഹണത്തിലുള്ള ഗുരുതരമായ വീഴ്ചയായി സമിതി ഇതിനെ വിലയിരുത്തുന്നു.

64. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം, മഴവെള്ള സംഭരണി നിർമ്മാണം, അംഗനവാടികളുടെ നിർമ്മാണം, സർക്കാർ ഉദ്യോഗസ്ഥരുടെ പേ റോൾ ഏകീകരണം (സ്പാർക്ക്), ട്രാഫിക് പരിഷ്കരണങ്ങൾ, അക്ഷയസെന്ററുകൾ, ഇ-ഗവേണൻസ്, കളക്ടേറ്റുകളുടെ കംപ്യൂട്ടറൈസേഷൻ, കടലാസ് രഹിത ഓഫീസ് സംവിധാനം, ജീവനക്കാർക്കുള്ള പരിശീലനങ്ങൾ തുടങ്ങി സംസ്ഥാനത്തിന്റെ മുഖച്ഛായതന്നെ ഏറെക്കുറെ മാറ്റുന്നതിൽ ഭരണ നവീകരണ പരിപാടി കൊണ്ട് സാദ്ധ്യമായിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ പ്രസ്തുത പദ്ധതിയിലൂടെ നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിൽ പലവകുപ്പുകളും എന്തുകൊണ്ടോ വിമുഖത കാണിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ ഗുണഫലങ്ങൾ സാധാരണ ജനങ്ങളിലേക്കെത്തിക്കുന്നതിൽ കാട്ടിയ അലംഭാവവും പദ്ധതി നിർവ്വഹണത്തിന്റെ രേഖകൾ യഥാവിധി പരിപാലിക്കുന്നതിൽ ഉണ്ടായ വീഴ്ചയും ഭരണനവീകരണ പരിപാടിയുടെ പ്രധാന പോരായ്മയായി സമിതി ചൂണ്ടിക്കാട്ടുന്നു.

65. കേന്ദ്രസർക്കാർ മുഖേന ലഭ്യമായ 1300 കോടി രൂപ വിനിയോഗിച്ച് വിവിധ വകുപ്പുകളിലെ തെരഞ്ഞെടുത്ത 10% സ്ഥാപനങ്ങളിൽ ഒരു ഫിസിക്കൽ കൺസോളിഡേഷൻ/ റിഫോം കൺസോളിഡേഷൻ ഉണ്ടാക്കിയശേഷം വകുപ്പുകളിൽ ബാക്കിയുള്ള 90% സ്ഥാപനങ്ങളെക്കൂടി നവീകരിക്കുന്നതിനായി 3000-5000 കോടി രൂപയുടെ ഒരു സോഫ്റ്റ് ലോൺ കൂടി സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഭരണനവീകരണ പരിപാടി പല കാരണങ്ങളാൽ പൊടുന്നനെ അവസാനിപ്പിച്ചതോടുകൂടി പ്രസ്തുത വായ്പയ്ക്കുവേണ്ടിയുള്ള ശ്രമങ്ങളും അവസാനിപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. രൂക്ഷമായ മൂലധനക്കമ്മി അനുഭവപ്പെടുന്ന നമ്മുടെ സംസ്ഥാനത്ത് ഘടനാപരമായ ക്രമീകരണങ്ങളും പരിഷ്കാരങ്ങളും അടിയന്തരമായി നടപ്പിൽ വരുത്തേണ്ട ഒട്ടേറെ മേഖലകൾ ഇനിയും അവശേഷിക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. പ്രസ്തുത മേഖലകളുടെ നവീകരണത്തിന് ലളിതമായ വ്യവസ്ഥകളോടുകൂടിയ വായ്പകൾ തന്നെയായിരിക്കും അഭികാമ്യം. അത്തരം അവസരങ്ങളിൽ ഭരണനവീകരണ പരിപാടിയുടെ നടത്തിപ്പിലുണ്ടായ നേട്ടങ്ങളും അതേപോലെ വീഴ്ചകളും നമുക്ക് മാർഗ്ഗദർശനമേകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 16.